# ആ മനുഷ്യഹൃദയം ഉറങ്ങിയില്ല

ഇ.വി. അബ്ദു

**മനുഷ്യനായ** പ്രവാചകനാണ് മുഹമ്മദ് നബി. ദൈവത്തിന്റെ അടിമയായ ദൈവദൂതൻ. തനി മനുഷ്യനെന്ന നിലയിൽ ആ വ്യക്തിത്വത്തെ പഠിക്കുമ്പോൾ നാം കാണുന്നത് പരിപൂർണത പ്രാപിച്ച ഒരു മനുഷ്യനെയാണ്. ഈ മാനവികമായ പൂർണതയോടു മാത്രമേ ചേരുകയുള്ളൂ പ്രവാചകത്വം എന്ന ദിവ്യദാനം. ഇതാണു ഖുർആൻ പറയുന്നത്: 'തന്റെ സന്ദേശം എവിടെ വെക്കണമെന്ന് അല്ലാഹുവിനറിയാം'. വിണ്ണിലെ നക്ഷത്രത്തിന്റെ പ്രകാശവും മണ്ണിലെ നറുമണമുള്ള പൂവിന്റെ ലാവണ്യവും ഒത്തുചേരുമ്പോൾ ഒരു യുഗപ്പിറവി നടക്കുന്നു; യുഗങ്ങളുടെ മാതൃകയായ ഒരു യുഗം, എക്കാലത്തെയും മനുഷ്യകാമന പൂവണിയുന്ന വസന്തം!

പ്രവാചകത്വം എന്ന പദവി മുഹമ്മദ് എന്ന മനുഷ്യനെ മനുഷ്യരായ നമ്മിൽനിന്നകറ്റി ആകാശത്ത് നിർത്തുന്നതല്ല. മനുഷ്യരോട് ഏറ്റവുമധികം സംവദിക്കാൻ ഒരു മനുഷ്യനെ അല്ലാഹു തെരഞ്ഞെടുക്കുകയാണ്. മാനവികതയുടെ ദിവ്യമതത്തെ ഭൂമിയിൽ വേരുറപ്പിക്കാനുള്ള ഉത്തരവാദിത്വമാണ് പ്രവാചകനിയോഗം. മനുഷ്യഹൃദയത്തിലൂടെയല്ലാതെ അല്ലാഹുവിലേക്ക് വഴിയില്ല ആർക്കും.

നബി തന്റെ വിചാരവികാരങ്ങൾ പ്രകാശിപ്പിച്ച വാക്കുകൾകൊണ്ടും മനുഷ്യരോടും മനുഷ്യപ്രശ്നങ്ങളോടും സ്വീകരിച്ച നിലപാടുകൾകൊണ്ടും ശോഭയാർന്നുനിൽക്കുന്ന മാനുഷിക പരിവേഷത്തിലൂടെ ആ വ്യക്തിത്വം അറിയുമ്പോൾ അതിനോട് വൈകാരികമായി താദാത്മ്യം പ്രാപിക്കാനുള്ള ഒരു ദാഹം നമുക്കുളവാകുന്നു. മാനുഷികതയാണല്ലോ നബി മറ്റുള്ളവരുമായി പങ്കിടുന്നത്. അതാണല്ലോ നബിയെ നമ്മിൽ ഒരുവനാക്കുന്നത്. ഈ ഗാഢമായ വൈകാരിക ബന്ധം നമ്മെ കൂടുതൽ നന്നാക്കും. മനുഷ്യത്വത്തോട് നമുക്ക് അളവറ്റ ആദരവുണ്ടാക്കുകയും ചെയ്യും.

ചെറുപ്പത്തിൽ അനുഭവിച്ച കൊടിയ ദുഃഖങ്ങളും കഷ്ടപ്പാടുകളും സാധാരണ മനുഷ്യരിൽ അസൂയയും പകയും വിദ്വേഷവും നിറക്കുന്നു. പലരും മനുഷ്യദ്രോഹികളായി മാറുന്നു. ബുദ്ധിമാന്മാരായ ചില സൂത്രശാലികൾ സാമൂഹിക സിദ്ധാന്തങ്ങൾ ചമക്കുകയും അതു പകവീട്ടുംപോലെ നടപ്പാക്കി ആശ്വസിക്കുകയും ചെയ്യുന്നു. ഇത്തരം അശുദ്ധ തലങ്ങളിൽനിന്ന് വളം വലിച്ചു വളരുന്ന സിദ്ധാന്തങ്ങൾക്ക് കാരുണ്യത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും മാനുഷിക മൂല്യങ്ങളുടെയും നിറവും മണവുമുണ്ടാകില്ല. സിദ്ധാന്തങ്ങൾ വാചാലമാകുന്ന ഇടങ്ങൾ മാത്രം നോക്കിയാൽ പോരാ, അവയുടെ മൗനങ്ങൾ എവിടെയെല്ലാം എന്നുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. മൗനത്തിന്റെ ഇരുട്ടുമുറികളിൽ വന്യജന്തുക്കൾ വളരുന്നുണ്ടോ എന്ന് പരിശോധിച്ചേ പറ്റൂ!

അത്യഗാധമായ ദുഃഖങ്ങൾ കാരുണ്യത്തിന്റെ അനന്തമായ ഉറവകളായി മാറുമോ? ഈ വിസ്മയമാണ് മുഹമ്മദ് നബിയുടെ ജീവിതത്തിൽ നാം കാണുന്നത്. കാരുണ്യത്തിന്റെ രണ്ടു പ്രവാചകന്മാർക്ക് അനാഥത്വം വിധിച്ചതിൽ വല്ല രഹസ്യവുമുണ്ടോ? അന്ത്യപ്രവാചകനായ മുഹമ്മദ് നബിയും തൊട്ടുമുമ്പു വന്ന യേശുവും..... യേശുവിന് പിതാവേ ഇല്ല എന്നാണ് വിവരം അറീച്ചത്! യേശു ആകാശത്തിലുള്ള പിതാവേ എന്നു വിളിച്ചു. അനാഥനായി ഭൂമിയിൽ

കണ്ണുതുറന്ന മുഹമ്മദിന് പിതാവിനെ വിളിക്കാൻ ഒരിക്കലും കഴിഞ്ഞില്ല. മുഹമ്മദ് 'യാ റബ്ബുൽ ആലമീൻ' (സർവലോക രക്ഷിതാവേ) എന്നു വിളിച്ചു.

ഒരിക്കൽ ഉമ്മ ആമിന ആറു വയസ്സുള്ള മകനെയും ഒരു വേലക്കാരിയെയും കൂട്ടി ഭർത്താവ് അബ്ദുല്ലയുടെ ഖബ്ർ സന്ദർശിക്കാൻ മദീനയിലേക്ക് പോയി. മടക്കത്തിൽ ആമിനക്ക് കഠിനമായ പനി ബാധിച്ചു. ഇരുപത്തിരണ്ട് വയസ്സ് മാത്രമുള്ള ആ യുവതി അനന്തമായ മരുഭൂമിയുടെ മാറിൽ കിടന്ന് കൊച്ചുമകന്റെ കണ്ണിൽ നോക്കിക്കൊണ്ട് അന്ത്യശ്വാസം വലിച്ചു. ആ കുട്ടിയുടെ ഹൃദയം പൊട്ടുന്ന കരച്ചിൽ മണൽക്കുന്നും വടക്കൻ കാറ്റും മാത്രം കേട്ടു! ഉമ്മയുടെ ശരീരം ആ കുഞ്ഞും വേലക്കാരിയും കൂടി പൊള്ളുന്ന മണലിൽ കണ്ണുനീരിൽ നനച്ചു മറവു ചെയ്തു. അപ്പോൾ അനാഥത്വത്തിന്മേൽ ഒരനാഥത്വം കൂടി ഏറ്റുവാങ്ങുകയായിരുന്നു! (ദുഃഖിക്കാനൊന്നുമില്ലാത്ത അത്രയും വിജയിച്ചുകഴിഞ്ഞ അറുപതാം വയസ്സിലും പ്രവാചകൻ ഈ ഖബ്റിങ്കൽ ഇരുന്നു ഏറെനേരം കരഞ്ഞു). പിന്നെയുള്ള രക്ഷിതാവായ പിതാമഹനും രണ്ടുകൊല്ലമായപ്പോൾ ഇഹലോകം വെടിഞ്ഞു. മൂന്നാമതും അനാഥത്വം! ഈ വേദനകളിലൂടെ മുഹമ്മദ് മനുഷ്യനെ എല്ലാ ആഴത്തിലും തൊട്ടറിഞ്ഞു. ഇവിടെ വെളിച്ചം ദുഃഖമല്ല, ദുഃഖം വെളിച്ചമായി മാറുന്നു! അനന്തമായ നീലാകാശത്തിന്റെ താഴെ കണ്ണെത്താത്ത മരുഭൂമിയിൽ ഒരു തണലുമില്ലാതെ ചൂടും വെളിച്ചവും തട്ടി പൂർണ സ്വതന്ത്രനായി മുഹമ്മദ് വളർന്നു. ദുരാചാരങ്ങളിൽനിന്നകലെ, കുലദൈവങ്ങളിൽനിന്നകലെ മുഹമ്മദ് ജീവിച്ചു. മാനവിതകയുടെ വെളിച്ചത്തിൽ തന്റെ അസ്തിത്വം കണ്ടെത്താനും പൂർണതയെ എത്തിപ്പിടിക്കാനുമുള്ള കണിശമായ പരിശ്രമമായിരുന്നു ആ ജീവിതം. സ്വാർഥതയും വഞ്ചനയും കാപട്യവും ഇല്ലാത്ത ഒരു മനുഷ്യൻ. മനുഷ്യത്വത്തിന്റെ ആ മായാത്ത മന്ദസ്മിതം മരുഭൂമിയിലെ പനിനീർപൂ പോലെ മനോഹരമായ ഒരു വിസ്മയമായിരുന്നു. മക്കയിലെ നിവാസികൾ മുഹമ്മദിനെ അൽഅമീൻ (വിശ്വസ്തനായ മനുഷ്യൻ) എന്നു വിളിച്ചു. സാധിക്കുമെങ്കിൽ ഒരു പ്രവാചകനാകാൻ ഇന്നു തയാറാണ് എല്ലാവരും! എല്ലാ അർഥത്തിലും വിശ്വസ്തനായ ഒരു മനുഷ്യനാകാൻ തയാറില്ല ആരും! മനുഷ്യൻ സ്വയം വഞ്ചനയിൽ വീണിരിക്കുന്നു. 'മൂക്ക് ആകാശത്തും മൂട് വെള്ളത്തിലു'മെന്ന അറബിമൊഴി ഈ ലോകത്തിന്റെ ചിത്രം കാണിക്കുന്നു.

ഖദീജയുടെ ഭക്ഷണപ്പൊതിയുമായി പർവതത്തിലേക്ക് പോയ മുഹമ്മദ് കണ്ണിൽ പുതിയൊരു പ്രഭാതത്തിന്റെ പ്രകാശവും ചുണ്ടിൽ അല്ലാഹുവിന്റെ ശബ്ദവുമായി, പ്രവാചകനായി പർവതത്തിൽനിന്നിറങ്ങിവന്നു. അതോടെ ഹൃദയത്തിൽ മുമ്പേ വളർത്തിയെടുത്ത മാനവിക വീക്ഷണവും മൂല്യബോധവും കൂടുതൽ കരുത്താർജിക്കുകയും വിശ്വവിമോചനത്തിന്റെ സന്ദേശമായി വികസിക്കുകയും ചെയ്തു. മരുഭൂമിയുടെ മർമങ്ങളിൽ പ്രവാചകൻ കാലൂന്നി നടന്നപ്പോൾ ഭൂമിക്ക് കോരിത്തരിപ്പും കോളിളക്കവും അനുഭവപ്പെട്ടു. ഭൂമി അതിന്റെ ജീർണിച്ച പുറംതോടുകൾ ഊരിമാറ്റുകയായിരുന്നു. പ്രവാചകൻ തന്റെ ത്യാഗങ്ങൾക്ക് ആരോടും വില ചോദിച്ചില്ല. ഒരവകാശവാദവും ഉന്നയിച്ചില്ല. 'ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യനാണ്. എനിക്കു ദിവ്യബോധനം നൽകപ്പെടുന്നു, ബോധനം നൽകപ്പെടുന്നു എന്നതിനാൽ കൂടുതൽ ഉത്തരവാദിത്വമുണ്ടെന്നല്ലാതെ ആ ബലത്തിൽ മനുഷ്യന്റെ തലയിൽ കയറി ഇരുന്നില്ല. കൃത്യവും ശക്തവുമായ വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും മനുഷ്യഹൃദയങ്ങളിലേക്ക് കാരുണ്യത്തിന്റെ, സ്നേഹത്തിന്റെ, സമത്വത്തിന്റെ, നീതിയുടെ സന്ദേശം പകർന്നുകൊടുത്തു.

**അത്യഗാധമായ ദുഃഖങ്ങൾ കാരുണ്യത്തിന്റെ അനന്തമായ ഉറവകളായി മാറുമോ? ഈ വിസ്മയമാണ് മുഹമ്മദ് നബിയുടെ ജീവിതത്തിൽ നാം കാണുന്നത്. കാരുണ്യത്തിന്റെ രണ്ടു പ്രവാചകന്മാർക്ക് അനാഥത്വം വിധിച്ചതിൽ വല്ല രഹസ്യവുമുണ്ടോ? അന്ത്യപ്രവാചകനായ മുഹമ്മദ് നബിയും തൊട്ടുമുമ്പു വന്ന യേശുവും..... യേശുവിന് പിതാവേ ഇല്ല എന്നാണ് വിവരം അറീച്ചത്! യേശു ആകാശത്തിലുള്ള പിതാവേ എന്നു വിളിച്ചു. അനാഥനായി ഭൂമിയിൽ കണ്ണുതുറന്ന മുഹമ്മദിന് പിതാവിനെ വിളിക്കാൻ ഒരിക്കലും കഴിഞ്ഞില്ല. മുഹമ്മദ് 'യാ റബ്ബുൽ ആലമീൻ' (സർവലോക രക്ഷിതാവേ) എന്നു വിളിച്ചു.**

നബി ജനങ്ങൾക്കു കാണിച്ചുകൊടുത്ത അല്ലാഹു കരുണാമയനാണ്. കാരുണ്യമാണ് അല്ലാഹുവിൽ മികച്ചുനിൽക്കുന്ന ഗുണം. നബി പറയുന്നു: "കാരുണ്യത്തെ അല്ലാഹു നൂറായിപ്പകുത്തു. തൊണ്ണൂറ്റൊമ്പത് ഓഹരിയും അല്ലാഹു തനിക്കായെടുത്തു. ഒരോഹരി ഭൂമിയിലിറക്കി. ആ ഒരോഹരികൊണ്ട് സൃഷ്ടികളായ സൃഷ്ടികളെല്ലാം കാരുണ്യം കാണിക്കുന്നു. എത്രത്തോളമെന്നാൽ ഒരു മൃഗം അതിന്റെ കുഞ്ഞിന്റെ ദേഹത്ത് കുളമ്പു തട്ടുമെന്നു കണ്ടാൽ അതു പൊക്കിപ്പിടിച്ചുകൊണ്ടേ നിൽക്കുന്നു." ഒരോഹരി കൊണ്ടു ഇത്രയും കാരുണ്യം സൃഷ്ടികൾ കാണിക്കുന്നുവെങ്കിൽ തൊണ്ണൂറ്റൊമ്പതും സ്വന്തമാക്കിയ അല്ലാഹുവിന്റെ കാരുണ്യത്തിന് അതിരുകളില്ല. അല്ലാഹുവിന് മനുഷ്യരോടുള്ള കരുണയെപ്പറ്റി നബി പറയുന്നു: "ഓരോ ദിനത്തിലും സൂര്യനുദിക്കുമ്പോൾ ആകാശം അല്ലാഹുവിനോട് പറയുന്നു: നാഥാ, സമ്മതം തരൂ, ഞാൻ മനുഷ്യന്റെ മേൽ പൊളിഞ്ഞുവീഴാം. അവൻ നിന്റെ അനുഗ്രഹങ്ങൾ തിന്നുകയും നന്ദികേട് കാണിക്കുകയും ചെയ്യുന്നു. ഭൂമി പറയുന്നു: നാഥാ, സമ്മതം തരൂ, ഞാൻ മനുഷ്യനെ വിഴുങ്ങിക്കളയാം. അവൻ നിന്റെ അനുഗ്രഹങ്ങൾ തിന്നുകയും നന്ദികേട് കാണിക്കുകയും ചെയ്യുന്നു. പർവതങ്ങൾ പറയുന്നു: നാഥാ, സമ്മതം തരൂ, ഞാൻ മനുഷ്യന്റെ മേൽ അമർന്നുകൊള്ളാം. അവൻ നിന്റെ അനുഗ്രഹങ്ങൾ തിന്നുകയും നന്ദികേട് കാണിക്കുകയും ചെയ്യുന്നു. എല്ലാവരോടുമായി അല്ലാഹു പറയുന്നു: നിങ്ങളാണവനെ സൃഷ്ടിച്ചതെങ്കിൽ നിങ്ങളവനോട് കരുണ കാണിച്ചേനെ. എന്നെയും എന്റെ ദാസന്മാരെയും നിങ്ങൾ വെറുതെ വിടൂ!"

കാരുണ്യം അതിന്റെ പച്ചക്കൊടി കാണിക്കാതെ ആരാധനകളെപ്പോലും മുമ്പോട്ടു നീങ്ങാൻ നബി അനുവദിച്ചില്ല.

നബിക്ക് ഏറെ ആനന്ദം പകർന്നിരുന്ന നമസ്കാരം, പിന്നിൽനിന്ന് ഒരു കുട്ടിയുടെ കരച്ചിൽ കേൾക്കുമ്പോൾ പെട്ടെന്ന് അവസാനിപ്പിച്ചിരുന്നു. ഒരു നോമ്പുകാലത്തെ യാത്രയിൽ സഹയാത്രികർക്ക് വിഷമമുണ്ടെന്നു മനസ്സിലായ പ്രവാചകൻ വെള്ളപ്പാത്രം ഉയർത്തിക്കാണിക്കുകയും അതിൽനിന്ന് വെള്ളം കുടിക്കുകയും ചെയ്തു. എന്നിട്ടും ചിലർ നോമ്പു മുറിച്ചില്ലെന്നറിഞ്ഞപ്പോൾ നബി പറഞ്ഞു: "അവർ കുറ്റവാളികളാകുന്നു. കാരണം അവർ ആരാധന പീഡനമാക്കി മാറ്റി." നബി അനുയായികളെ തങ്ങളോടു തന്നെ കാരുണ്യം കാണിക്കാൻ പഠിപ്പിക്കുകയായിരുന്നു. കാരുണ്യം ആരാധനക്ക് വഴിമാറുമ്പോൾ ആരാധന ആത്മപീഡനമായി മാറും. ഒരാൾക്ക് തന്നോടുതന്നെ കാരുണ്യമില്ലെങ്കിൽ മനുഷ്യർക്ക് കാരുണ്യം ആവശ്യമുണ്ടെന്ന് അയാൾക്ക് മനസ്സിലാവില്ല. മനുഷ്യരോടും ജീവികളോടും കാരുണ്യം കാണിക്കുന്നതിന്റെ മഹത്വം വാക്കിന്റെയും പ്രവൃത്തിയുടെയും എല്ലാ ശക്തിയും കൊണ്ട് പ്രവാചകൻ ഹൃദയങ്ങളിൽ ഉറപ്പിച്ചു. നബി പറഞ്ഞ അനേകം കാരുണ്യത്തിന്റെ കൊച്ചുകൊച്ചു കഥകൾ പ്രസിദ്ധങ്ങളാണല്ലോ. " ഭൂമിയിലുള്ളവരോട് കരുണ കാണിക്കൂ. ആകാശത്തിലുള്ളവൻ നിങ്ങളോടും കരുണ കാണിക്കും". "അല്ലാഹു കനിവുള്ളവനാകുന്നു. എല്ലാ കാര്യത്തിലും കനിവിനെ അവൻ ഇഷ്ടപ്പെടുന്നു." ഈ വാക്കുകളുടെ അർഥം പ്രവാചകന്റെ ജീവിതചലനങ്ങളിലൂടെ ജനങ്ങൾ കണ്ടു പഠിച്ചതാണ്.

വിശ്വാസിയുടെ ഓരോ കർമവും തുടങ്ങേണ്ടത് പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിലാവണമെന്ന് പ്രവാചകൻ പറയുമ്പോൾ മനുഷ്യജീവിതം പരിപാവനവും കാരുണ്യത്തിൽ പടുത്തുയർത്തപ്പെട്ടതുമാകണമെന്നാണ് വിവക്ഷിക്കുന്നത്. കാരുണ്യത്തിന്റെ അടിസ്ഥാനമില്ലെങ്കിൽ സ്നേഹം സ്വാർഥമായും സമത്വം താണ തട്ടിൽ പെട്ടുപോയവനു മാത്രം പ്രിയപ്പെട്ടതായും നീതി മനുഷ്യനിന്ദയുടെ സമമായ വിതരണമായും അധഃപതിക്കും, തീർച്ച.

ഓരോ വിപ്ലവവും പ്രതിവിപ്ലവത്തിന്റെ ബീജങ്ങൾ പേറുന്നു. കാരുണ്യത്തിന്റെ കുളിരുറ്റ വിരലുകൾക്കല്ലാതെ അതിനെ നിർവീര്യമാക്കാനാവില്ല. പ്രവാചകന്റെ പിതൃവ്യന്റെ കരളെടുത്ത് കടിച്ചവർക്ക് മക്കാവിജയത്തെത്തുടർന്നു മാപ്പു കൊടുക്കുകയും സ്വതന്ത്രരായി നടക്കാനനുവദിക്കുകയും ചെയ്തു. പ്രവാചകനെ കൊല്ലാനും കുടുംബത്തെ തകർക്കാനും ഗൂഢാലോചന നടത്തിയ കപടവിശ്വാസികളെ ഒന്നും ചെയ്തില്ല. 'മുഹമ്മദ് തന്റെ കീഴിലുള്ളവരെ കൊല്ലുന്നു എന്നു ജനങ്ങൾ പറയുന്നതിനെ ഞാൻ ഭയപ്പെടുന്നു' എന്നാണ് പ്രവാചകൻ പറഞ്ഞത്. അത്യഗാധമായ ക്ലേശങ്ങൾ സഹിച്ചു വളർത്തിയെടുത്ത മാനുഷിക മഹത്വത്തിന്റെ പ്രതിമരായ തകർന്നാൽ പ്രവാചകനിയോഗം തന്നെ നിഷ്ഫലമാകും എന്നതിൽ പ്രവാചകന് സംശയമുണ്ടായിരുന്നില്ല. കാരുണ്യത്തിന് അജയ്യമായ ശക്തിയുണ്ട്. അത് ദുർബലന്റെ കണ്ണീർത്തുള്ളികളല്ല. ക്രൂരതക്കെതിരായി പടവെട്ടേണ്ടത് മറ്റൊരു ക്രൂരതയല്ല, കാരുണ്യത്തിന്റെ കൈകളാകുന്നു.

ജനിച്ചവരും ജനിക്കാനിരിക്കുന്നവരുമായ മനുഷ്യരെയെല്ലാം പ്രവാചകൻ ഗാഢമായി സ്നേഹിച്ചു. 'നമ്മുടെ സഹോദരങ്ങളെ കാണാൻ എനിക്കാശയാകുന്നു' - പ്രവാചകൻ പറഞ്ഞു. 'ഞങ്ങൾ അങ്ങയുടെ സഹോദരങ്ങളല്ലേ?'- അനുയായികൾ ചോദിച്ചു. 'നിങ്ങൾ എന്റെ കൂട്ടുകാരാകുന്നു. നമ്മുടെ സഹോദരങ്ങൾ ഇനിയും വന്നിട്ടില്ല.' തലമുറകളിലേക്ക് അനന്തമായി നീളുന്നു ആ മനുഷ്യസ്നേഹം.

ഒരിക്കൽ ഒരു സ്ത്രീ അടുത്തുവന്നപ്പോൾ പ്രവാചകൻ തന്റെ കുപ്പായം വിരിച്ചു കൊടുത്ത് അതിൽ അവരെ ആദരവോടെ സ്വീകരിച്ചിരുത്തി. അവർ പോയപ്പോൾ അതാരാണെന്നു അനുയായികൾ ചോദിച്ചു. 'ഖദീജയുള്ള കാലത്ത് അവർ ഞങ്ങളുടെ അടുത്തു വരുമായിരുന്നു'- നബി പറഞ്ഞു. പരിചയപ്പെട്ട മനുഷ്യരെ മാത്രമല്ല, നിർജീവ വസ്തുക്കളെപ്പോലും നബി സ്നേഹിച്ചു: 'ഈ ഉഹുദ് പർവതത്തെ നാം സ്നേഹിക്കുന്നു. അത് നമ്മെയും സ്നേഹിക്കുന്നു.' മാനുഷികഭാവങ്ങൾ നിറഞ്ഞ ഒരു ഹൃദയത്തെയാണ് നാമീ വാക്കുകളിൽ കാണുന്നത്. ചെന്നായ്ക്കൾ ഓരിയിടുന്ന ആ മരുഭൂമിയുടെ ഹൃദയം ഈ വിശുദ്ധമായ സ്നേഹത്തിന്റെ തെളിനീരുകൊണ്ടല്ലാതെ പൂവണിയുകയില്ല. ഞാൻ നിങ്ങളുടെ ഹൃദയങ്ങളിൽ ജീവിക്കണമെന്നല്ല പ്രവാചകൻ പറഞ്ഞുകൊണ്ടിരുന്നത്. നിങ്ങളും ഭാവി തലമുറകളും ഈ മരുഭൂമിയും നീല മലകളും എന്റെ ഹൃദയത്തിൽ ജീവിക്കുന്നു എന്നാണ്. അതുകൊണ്ടുതന്നെ ആ ഹൃദയം സ്ഥലകാലങ്ങളെ അതിവർത്തിക്കുകയും മനുഷ്യഹൃദയങ്ങളിൽ തുടിക്കുകയും ചെയ്യും.

നമസ്കാരത്തിന്റെ ശേഷം പ്രവാചകൻ ചൊല്ലിയിരുന്ന പ്രാർഥനയിൽ ഒരു വചനമുണ്ട്: 'എന്റെ നാഥാ, സർവ ചരാചരങ്ങളുടെയും നാഥാ, മനുഷ്യരെല്ലാം സഹോദരങ്ങളാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.' ഇത് സ്വാതന്ത്ര്യദിനത്തിലെ പ്രസംഗമല്ല. ഏകാന്തമായ ദിവ്യാനുഭവത്തിന്റെ മുഹൂർത്തത്തിൽ ഏറ്റുപറഞ്ഞതാണ്! ഇവിടെ മനുഷ്യസാഹോദര്യവും സ്നേഹവും ആത്മീയതയിൽ വേരുറച്ചുനിൽക്കുന്നു.

ഒരു ജൂതന്റെ ശവമഞ്ചം വരുന്നതു കണ്ടപ്പോൾ പ്രവാചകൻ ആദരവോടെ എഴുന്നേറ്റുനിന്നു! കൂട്ടുകാരിൽ ഒരാൾ ചോദിച്ചു: 'അതൊരു ജൂതന്റെ ശവമല്ലേ?' പ്രവാചകൻ പറഞ്ഞു: 'അതൊരു മനുഷ്യന്റെയാണല്ലോ.' നാം ഏതിനെയാണാദരിക്കേണ്ടത്? ഈ ചോദ്യത്തെയോ ഉത്തരത്തെയോ? നമുക്കു വേണ്ടത് ചോദിച്ച മനസ്സോ ഉത്തരം പറഞ്ഞ മനസ്സോ?

ആദരണീയമായ മനുഷ്യമുഖത്ത്

**ദുരാചാരങ്ങളിൽനിന്നകലെ, കുലദൈവങ്ങളിൽനിന്നകലെ മുഹമ്മദ് ജീവിച്ചു. മാനവിതകയുടെ വെളിച്ചത്തിൽ തന്റെ അസ്തിത്വം കണ്ടെത്താനും പൂർണതയെ എത്തിപ്പിടിക്കാനുമുള്ള കണിശമായ പരിശ്രമമായിരുന്നു ആ ജീവിതം. സ്വാർഥതയും വഞ്ചനയും കാപട്യവും ഇല്ലാത്ത ഒരു മനുഷ്യൻ. മനുഷ്യത്വത്തിന്റെ ആ മായാത്ത മന്ദസ്മിതം മരുഭൂമിയിലെ പനിനീർപൂ പോലെ മനോഹരമായ ഒരു വിസ്മയമായിരുന്നു.**

> **വിശ്വാസിയുടെ ഓരോ കർമവും തുടങ്ങേണ്ടത് പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിലാവണമെന്ന് പ്രവാചകൻ പറയുമ്പോൾ മനുഷ്യജീവിതം പരിപാവനവും കാരുണ്യത്തിൽ പടുത്തുയർത്തപ്പെട്ടതുമാകണമെന്നാണ് വിവക്ഷിക്കുന്നത്. കാരുണ്യത്തിന്റെ അടിസ്ഥാനമില്ലെങ്കിൽ സ്നേഹം സ്വാർഥമായും സമത്വം താണ തട്ടിൽ പെട്ടുപോയവനു മാത്രം പ്രിയപ്പെട്ടതായും നീതി മനുഷ്യനിന്ദയുടെ സമമായ വിതരണമായും അധഃപതിക്കും, തീർച്ച.**

മുറിവേൽപിക്കരുത് എന്ന് ഭടന്മാർക്ക് പ്രവാചകൻ കണിശമായ നിർദേശം നൽകി. ഈ നിർദേശത്തിലടങ്ങിയ ആദരവിനും കനിവിനുമാണ് ആറ്റംബോംബുകളുടെയും ചാവേർപ്പടകളുടെയും ഈ യുഗത്തിലെ മനുഷ്യൻ ദാഹിക്കുന്നത്.

മഹാരാജാക്കന്മാർക്ക് ജനമർദനങ്ങളവസാനിപ്പിക്കാൻ താക്കീതുകൾ നിറഞ്ഞ കത്തുകളെഴുതിയ ശക്തനായ ആ ഭരണകർത്താവിനോട് ഒരു കാട്ടറബി ചോദിക്കുന്നു: 'മുഹമ്മദേ, ഈ ധനം നിന്റെ ബാപ്പാന്റേതോ അതോ അല്ലാഹുന്റേതോ?' പൊതുസ്വത്തിൽനിന്നു തനിക്കു തൃപ്തി വരുവോളം കിട്ടിയില്ല എന്നതാണ് കാരണം. ഈ പരുക്കൻ തട്ടിക്കേറ്റം സഹിക്കാഞ്ഞ് ചിലർ വാളൂരി. നബി പറഞ്ഞു: 'അയാളെ വെറുതെ വിടൂ. അവകാശിക്കു ചിലതു പറയാനും അവകാശമുണ്ട്.' ഈ നിലപാടിനോട് ഇന്ന് ആർക്കും വലിയ മതിപ്പില്ല. പ്രവാചകൻ തുടച്ചുനീക്കിയ ആ ഗോത്രമൂല്യങ്ങളുടെ കണ്ണിലൂടെയാണ് ഇന്ന് കാര്യങ്ങൾ കാണുന്നത്! താഴ്ചയെയും ഉയർച്ചയെയും കുറിച്ച മനുഷ്യരുടെ മാനദണ്ഡങ്ങൾ മാനുഷികമോ ധർമനിഷ്ഠമോ അല്ലാതായിപ്പോയി. യഥാർഥമായ മോചനം ലഭിച്ച ജനങ്ങളും അവരുടെ ഭരണകർത്താവും തമ്മിൽ ഇവ്വിധം ഒരു മറയുമില്ലാതെ പരിപൂർണ സമത്വം പ്രാപിച്ചിരിക്കും.

ആദർശത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു തുറന്ന സമൂഹമാണ് പ്രവാചകൻ സ്ഥാപിച്ചത്. ഒരു യാത്രയിൽ ഭക്ഷണം പാകം ചെയ്യേണ്ടിവന്നപ്പോൾ ഓരോരുത്തരും ഓരോ ജോലി ഏറ്റു. പ്രവാചകൻ പറഞ്ഞു: 'ഞാൻ വിറക് ഒടിച്ചുകൊണ്ടുവരാം.' കൂട്ടുകാർ പറഞ്ഞു: 'അതൊക്കെ ഞങ്ങൾ തന്നെ ചെയ്യും.' പ്രവാചകൻ പറഞ്ഞു: 'എനിക്കറിയാം നിങ്ങൾ ചെയ്യുമെന്ന്. പക്ഷേ, നിങ്ങളിൽനിന്ന് വ്യത്യസ്തനായിരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.' സദസ്സുകളിൽ ഒഴിവുള്ള സ്ഥലത്ത് ചെന്ന് പ്രവാചകൻ ഇരിക്കുമായിരുന്നു. പേർഷ്യയിലെ ജനങ്ങൾ അവരുടെ നേതാക്കളെ ആദരിക്കുന്നപോലെ എഴുന്നേറ്റുനിന്ന് തന്നെ ആദരിക്കരുതെന്ന് പ്രവാചകൻ ജനങ്ങളെ ഉപദേശിച്ചു. ഞാൻ നിങ്ങൾക്ക് തുല്യനാണെന്ന് പ്രവാചകൻ തന്റെ ജീവിതത്തിന്റെ ഓരോ ചലനങ്ങളിലൂടെയും വെളിപ്പെടുത്തുമ്പോൾ എല്ലാവരും എല്ലാവർക്കും തുല്യരാണെന്ന് സാർവത്രികമായി തെളിയിക്കപ്പെടുന്നു. ഇതാണ് സമത്വം. ഇതാണ് സ്വാതന്ത്ര്യം. ഇതാണ് അല്ലാഹുവിന്റെ ഭരണം. ഇന്ന് വിമോചന പ്രസ്ഥാനങ്ങൾ അർധ അടിമകളായ ജനങ്ങളോട് പറയുന്നു: നിങ്ങൾ ഞങ്ങളുടെ പൂർണ അടിമകളാകൂ. അതാണ് നിങ്ങളുടെ മോചനം!

ഒരിക്കൽ പ്രസംഗപീഠത്തിൽ കയറി പ്രവാചകൻ പറഞ്ഞു: "ഞാൻ ആരുടെയെങ്കിലും ധനം അപഹരിച്ചിട്ടുണ്ടെങ്കിൽ ഇതാ എന്റെ ധനത്തിൽനിന്ന് എടുത്തുകൊള്ളൂ. ഞാൻ ആരുടെയെങ്കിലും മുതുകത്ത് പ്രഹരിച്ചിട്ടുണ്ടെങ്കിൽ ഇതാ എന്റെ മുതുകത്ത് പ്രഹരിക്കൂ." മനുഷ്യർക്കുവേണ്ടി ഉരുകുന്ന ഒരു മഹാത്മാവിനല്ലാതെ ഇങ്ങനെ പറയാൻ കഴിയില്ല. 'എന്റെ കണ്ണുകൾ ഉറങ്ങുന്നു. എന്റെ ഹൃദയം ഉറങ്ങുന്നില്ല.' ഇത് സാമൂഹിക ജീവിതത്തിലെ വിശുദ്ധി എന്താണെന്ന് ലോകത്തെ പഠിപ്പിക്കുകയാണ്. തനിക്കെതിരായ ആയുധം ജനങ്ങളുടെ കൈയിൽ കൊടുക്കുന്നവൻ മാത്രമേ മനുഷ്യസ്നേഹിയായ, സ്വാർഥമില്ലാത്ത ജനനായകനാകൂ. 'എന്നോട് ആരും ആരെപ്പറ്റിയും ഒന്നും പറയരുത്. ഞാൻ തുറന്ന മനസ്സുകൊണ്ട് മനുഷ്യരെ സമീപിക്കട്ടെ' എന്ന പ്രവാചകന്റെ പ്രഖ്യാപനം ചുറ്റും ഗൂഢ സംഘങ്ങൾ (കോക്കസ്) ജനിക്കരുതെന്ന് വിചാരിക്കുന്ന എല്ലാ അധികാരികളും നടത്തേണ്ടതുണ്ട്. പ്രവാചകൻ നിരോധിച്ച ചാരവൃത്തിയിലാണു ഇന്നു നായകന്മാർ ഉറങ്ങുന്നത്. പ്രവാചകന്റെ വിശ്വമാനവികതയെ എല്ലാവർക്കും മാതൃകയാക്കാം. പ്രവാചകൻ ആരുടേതുമല്ല. ലോകത്തിന്റെ അനുഗ്രഹമാണ്. ഇതൊരു സമുദ്രമാണ്. ഏറ്റവും അടുത്തവർക്ക് മുത്തുകൾ നൽകും. അകന്നവർക്ക് മഴമേഘങ്ങൾ നൽകും.

പാപങ്ങളിൽ വീണുപോയ മനുഷ്യരെ ശപിക്കുകയും പാതാളത്തിലേക്കാഴ്ത്തുകയും ചെയ്തില്ല പ്രവാചകൻ. ഹൃദയങ്ങളിൽ ആത്മവിശ്വാസവും ശുഭപ്രതീക്ഷയും വളർത്തി മനുഷ്യരെ എടുത്തുയർത്തി. ഒരാൾ പാപം ചെയ്യുകയും പാപമോചനത്തിന് പ്രാർഥിക്കുകയും ചെയ്യുമ്പോൾ അല്ലാഹു പറയും: "എന്റെ ദാസൻ തനിക്കു പൊറുത്തുകൊടുക്കുന്ന നാഥനുണ്ടെന്ന് അറിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഞാൻ അവനു പൊറുത്തുകൊടുത്തിരിക്കുന്നു."

നബി പറഞ്ഞുതന്ന അല്ലാഹു മനുഷ്യന്റെ സംരക്ഷകനായ, കനിവുള്ള കൂട്ടുകാരനാണ്. ഭീതിയുടെ പ്രതീകമല്ല. നബിയുടെ വാക്കിലൂടെ അല്ലാഹു പറയുന്നു: "ഒരാൾ ഒരു ചാൺ എന്നിലേക്കടുക്കുമ്പോൾ ഞാൻ ഒരു മുഴം അവനിലേക്കടുക്കും..... ഒരാൾ എന്നിലേക്ക് നടന്നടുക്കുമ്പോൾ അവനിലേക്കു ഞാൻ ഓടിയടുക്കും." ഏറ്റവും ഒടുവിൽ പ്രവാചകൻ ഉയരേ നോക്കിക്കൊണ്ടു പറഞ്ഞു: 'അത്യുന്നതനായ കൂട്ടുകാരനിലേക്ക്....' ആ കണ്ണുകൾ മെല്ലെയടഞ്ഞു. ആത്മാവ് ശരീരത്തിൽനിന്നുയർന്നു. പുഷ്പത്തിൽനിന്നുയരുന്ന സുഗന്ധം പോലെ. ●